**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3132** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവമ്പാടി സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവമ്പാടി സെക്ഷൻ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിച്ച വരുന്നതെന്നും, പ്രസ്തുത ഓഫീസ് അവിടെ പ്രവർത്തിപ്പിക്കുന്നതിന് ഇടയായ സാഹചര്യം എന്താണെന്നും വിശദമാക്കുമോ; | (എ) | റോഡ്സ് ഡിവിഷൻ സിവിൽ സ്റ്റേഷൻ, കോഴിക്കോട് ഓഫീസ് കോമ്പൗണ്ടിൽ ബ്രിഡ്ജസ് സബ് ഡിവിഷനോട് ചേർന്നുള്ള ഓഫീസ് കെട്ടിടത്തിലാണ് നിലവിൽ പാലങ്ങൾ വിഭാഗം തിരുവമ്പാടി സെക്ഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നത്. മതിയായ സൗകര്യങ്ങളോട്ടുകൂടിയ സർക്കാർ കെട്ടിടങ്ങളോ മറ്റ് കെട്ടിടങ്ങളോ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ബ്രിഡ്ജസ് സബ് ഡിവിഷനോട് ചേർന്നുള്ള ഓഫീസ് കെട്ടിടത്തിൽ പ്രസ്തുത ഓഫീസ് പ്രവർത്തിക്കാൻ ഇടയായത്. |
| (ബി) | ഈ ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ